**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5248** **02-11-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. യുടെ സമഗ്ര പുനരുദ്ധാരണത്തിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. യുടെ ദിവസ വരുമാനം വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിന്റെ പ്രയോജനം ലഭിക്കാൻ തുടങ്ങിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | കെ.എസ്.ആർ.ടി.സി.യുടെ ദിവസ വരുമാനം വർദ്ധിപ്പിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു. 1. ഓൺലൈൻ ടിക്കറ്റ് റിസർവേഷൻ ബുക്കിംഗ് സംവിധാനം. കെ.എസ്.ആർ.ടി.സി.യിലേയ്ക്ക് യാത്രക്കാരെ ആകർഷിയ്ക്കുന്നതിനും ടിക്കറ്റുകൾ മുൻകൂർ ബുക്ക് ചെയ്യുന്നതിനും പരിഷ്കരിച്ചതും കൂടുതൽ സൗകര്യങ്ങളോടുകൂടിയതുമായ ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിലൂടെ യാത്രക്കാർക്ക് 30 ദിവസം മുൻ കൂറായി ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്. മുൻകൂർ ടിക്കറ്റ് ബുക്കിംഗിനായി "എന്റെ കെ.എസ്.ആർ.ടി.സി" എന്ന മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്. ടി ആപ്പ് ഉപയോഗിച്ചും യാത്രക്കാർക്ക് കെ.എസ്.ആർ.ടി.സി ബസുകളിൽ ടിക്കറ്റ് ബുക്ക് ചെയ്യാൻ സാധിക്കുന്നതാണ്. 2. ഫീഡർ സർവീസ് KSRTC-യുടെ യാത്രക്കാർക്ക് ലാസ്റ്റ് മൈൽ (Last Mile), ഫസ്റ്റ് മൈൽ (First Mile) കണക്റ്റിവിറ്റി ലഭ്യമാക്കുന്നതിനായി ഓട്ടോറിക്ഷാ ജീവനക്കാരുമായി കൈകോർത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് ഫീഡർ സർവീസ്. കൂടാതെ ടി സേവനം ഉപയോഗിക്കുന്ന യാത്രാക്കാർക്ക് KSRTC ബസുകളിൽ പ്രത്യേക ഇളവുകൾ നൽകുവാനും ഉദ്ദേശിക്കുന്നുണ്ട്. 3. BOND സർവ്വീസ് കെ.എസ്.ആർ.ടി.സി.യുടെ ദിവസ വരുമാനം വർദ്ധിപ്പിക്കുന്നതിന് നിലവിൽ വിവിധ സ്ഥലങ്ങളിൽ നിന്നും ഓഫീസുകളും മറ്റു കേന്ദ്രീകരിച്ച് ആവശ്യക്കാർക്കായി ബോണ്ട് (Bus on demand) സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. 4. സിറ്റി സർക്കുലർ സർവ്വീസ് തിരുവനന്തപുരം സിറ്റിയിലെ പ്രധാന ഓഫീസുകളേയും മറ്റ് സ്ഥാപനങ്ങളെയും ബന്ധിപ്പിച്ച് കൃത്യമായ ഇടവേളകളിൽ സിറ്റി സർക്കുലർ സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

തുടക്കത്തിൽ 7 റൂട്ടുകളിലായിരിക്കും സർവ്വീസ് നടത്തുക. ഇത്തരം സർവ്വീസുകൾക്ക് പ്രത്യേക നിറങ്ങളിലുള്ള ബസുകളായിരിക്കും നൽകുന്നത്. സർക്കുലർ സർവ്വീസുകളിൽ യാത്ര ചെയ്യുന്നതിനായി യാത്രക്കാർക്ക് ഒരു നിശ്ചിത തുകയ്ക്ക് ഒരു ദിവസം മുഴുവനും ഇത് ഉപയോഗിച്ച് യാത്ര ചെയ്യുവാൻ "ഗുഡ് ഡേ" ടിക്കറ്റുകൾ നൽകുന്നതാണ്. കൂടാതെ കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനും ക്യാഷ് ലെസ്സ് ട്രാൻസാക്ഷൻ പ്രോത്സാഹിപ്പിക്കുന്നതിനും ആകർഷകമായ ഡിസ്കൗണ്ട് നൽകി ബസ്സിൽ തന്നെ റീചാർജ്ജ് ചെയ്യാവുന്ന "സ്മാർട്ട് ട്രാവൽ കാർഡുകൾ" ഏർപ്പെടുത്തുന്നുണ്ട്. ഈ പുതിയ പദ്ധതി വഴി കെ.എസ്.ആർ.ടി.സി.യുടെ ദിവസ വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് പ്രതീക്ഷിക്കുന്നു. 5. ഫ്യൂവൽ റീട്ടെയിൽ ഔട്ട്ലെറ്റ് ആന്റ് ലൂബ് ഷോപ്പ് ഫ്യൂവൽ വിഭാഗത്തിൽ റീട്ടെയിൽ ഔട്ട്ലെറ്റ് പൊതുജനങ്ങൾക്ക് ഇന്ധനം നിറയ്ക്കുന്നതിന് സൗകര്യം ഒരുക്കിയതുവഴി ലഭിയ്ക്കുന്ന വരുമാനം കെ.എസ്.ആർ.ടി.സി.യ്ക്ക് പുതിയ ടിക്കറ്റേതര വരുമാനമാണ്. കണ്ടം ചെയ്തിരിക്കുന്ന ബസുകളിൽ ഒന്നിൽ മോഡിഫിക്കേഷൻ നടത്തി നിലവിൽ എറണാകുളം ബോട്ട് ജെട്ടിയിൽ പൊതുജനങ്ങൾക്ക് ഓയിൽ, ഗ്രീസ് തുടങ്ങിയവ വിൽക്കുന്നതിനായി ലൂബ് ഷോപ്പ് പ്രവർത്തിച്ചു വരികയാണ്. കണ്ടം ചെയ്ത മറ്റൊരു ബസിന്റെ മോഡിഫിക്കേഷൻ പണികൾ അന്തിമ ഘട്ടത്തിലാണ്. ഇതിൽ നിന്നും ഡീലർ കമ്മീഷൻ ഇനത്തിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് അധിക വരുമാനം ലഭിയ്ക്കുന്നതാണ്. ഇത് മൂലം ഉപയോഗശൂന്യമായ ബസുകളായ പുനരുപയോഗിക്കുന്നതു വഴി കെ.എസ്.ആർ.ടി.സി.ക്ക് വരുമാന വർദ്ധനവിന് വഴി തെളിയുകയാണ്. 6. ഷോപ്പ് ഓൺ വീൽസ് കെ.എസ്.ആർ.ടി.സി.യുടെ സർവീസ് ഓപ്പറേഷന് ഉപയോഗ യോഗ്യമല്ലാത്ത ബസുകളെ രൂപ മാറ്റം വരുത്തി സ്റ്റാളുകളാക്കി മാറ്റി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി, പദ്ധതി രൂപീകരിക്കുകയും മിൽമ, കുടുംബശ്രീ, ഹോർട്ടികോർപ്പ് എന്നീ സ്ഥാപനങ്ങൾക്ക് പ്രാരംഭമെന്ന നിലയിൽ പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം സിറ്റി, തൃശ്ശൂർ, കണ്ണൂർ എന്നീ യൂണിറ്റുകളിൽ മിൽമയും തിരുവനന്തപുരം സിറ്റി യൂണിറ്റിൽ കുടുംബശ്രീയും ഷോപ്പ് ഓൺ വീൽസ് പദ്ധതി പ്രകാരം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പട്ടിക വർഗ്ഗ വികസന വകുപ്പിനും കെ.എസ്.ആർ.ടി.സി.യുടെ 14 ബസ് സ്റ്റേഷനുകളിൽ ഷോപ്പ് ഓൺ വീൽസ്

ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കെ.ടി.ഡി.സി., ഷോപ്പ് ഓൺ വീൽസ് പദ്ധതിയിൽ താൽപര്യം അറിയിച്ചിട്ടുണ്ട്. വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവർക്ക് പരസ്യ ലേലം ടെണ്ടർ നടപടിയിലൂടെ ലൈസൻസ് അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ പൂർത്തികരിച്ച് വരുന്നു. അപ്രകാരം പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതും, അതുവഴി അധിക വരുമാനം ലഭിക്കുന്നതിനും സാധിക്കും. 7. സ്ലീപ്പർ ഇൻ ബസ് പദ്ധതി. മൂന്നാറിൽ സ്ലീപ്പർ ഇൻ ബസ് എന്ന പദ്ധതി പ്രകാരം യാത്രക്കാരായ പൊതുജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ താമസ സൗകര്യം ഒരുക്കി വരുമാനം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സ്ലീപ്പർ ഇൻ ബസ് പദ്ധതി മറ്റ് സ്ഥലങ്ങളിലേയ്ക്കും വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. 8. പരസ്യ വരുമാനം ബസിനുള്ളിൽ ഡിജിറ്റൽ ഡിസ്പ്ലേ മുഖേന പരസ്യം പ്രദർശിപ്പിച്ചും ബസ് സ്റ്റേഷനുകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, എല്ലാ ബസ് സ്റ്റേഷനുകളിലും ഹോർഡിംഗ്സ്, ഇലക്ട്രോണിക് ബോർഡുകൾ എന്നിവ സ്ഥാപിച്ചും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ വരുമാന സ്രോതസുകൾ ശരിയായി മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംങ് വിങ് കെ.എസ്.ആർ.ടി.സി.യിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 9. സമുദ്ര ബസ് മത്സ്യവിപണനത്തിനായി തീരദേശത്ത് നിന്നും വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും യാത്ര ചെയ്യുന്ന വനിതാ തൊഴിലാളികൾ നിലവിൽ അമിത ചാർജ് നൽകി ഓട്ടോറിക്ഷകളെയാണ് ആശ്രയിച്ചിരുന്നത്. രാവിലേയും രാത്രിയിലും പല സ്ഥലങ്ങളിൽ നിന്നും യാത്ര ചെയ്യുന്ന ഇവർക്ക് ഓട്ടോറിക്കാക്കൂലി ഭാരമാകുന്നു എന്ന് മാത്രമല്ല രാത്രികാലങ്ങളിൽ തിരികെ പോകാൻ അവ ലഭ്യമാകാത്ത സ്ഥിതിയും ഉണ്ട്. ഇതിന് പരിഹാരമെന്ന നിലയിൽ തിരുവനന്തപുരം ജില്ലയിലെ പ്രധാന മത്സ്യ വിപണന കേന്ദ്രങ്ങളിൽ നിന്നും നഗരത്തിനുള്ളിലെ വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും വനിതാ മത്സ്യ തൊഴിലാളികളെ എത്തിക്കുന്നതിനായി പ്രത്യേക സംവിധാനങ്ങളോടു കൂടിയ പ്രത്യേക നിറത്തിലുള്ള 3 സ്പെഷ്യൽ ബസ്സുകൾ കെ.എസ്.ആർ.ടി.സി.യ്ക്ക് ഫിഷറീസ് വകുപ്പിൽ നിന്നും വാർഷിക ഗ്രാന്റ് ലഭ്യമാകുന്ന വ്യവസ്ഥയിൽ ഓപ്പറേറ്റ് ചെയ്യുന്നു. മൂന്ന് ബസ്സുകൾക്കും കൂടി ഒരു വർഷം 67.50 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. മേൽപ്പരാമർശിച്ച നൂതന മാർഗ്ഗങ്ങളിലൂടെ കെ.എസ്.ആർ.ടി.സി.യുടെ

| | | | |
|---|---|---|---|
| | | | വരുമാനം ഗണ്യമായ തോതിൽ വർദ്ധിപ്പിക്കാൻ സഹായിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ